# പതിനാലാം കേരള നിയമസഭ
## (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1501** **03.12.2018-ൽ മറുപടിയ്ക്ക്**

**മുറ്റത്തൊരു മീൻതോട്ടം പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യകൃഷിയുടെ വ്യാപനം ജനകീയമാക്കുന്നതിന് മുറ്റത്തൊരു മീൻതോട്ടം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;<br><br>സി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര ചെറുകിട മത്സ്യകൃഷി യൂണിറ്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്; | ബി) & സി) പ്രളയ ബാധിത ജില്ലകൾക്ക് മുൻഗണന നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ചെറുകിട മത്സ്യകൃഷിയിലൂടെ മത്സ്യകൃഷി ജനകീയമാക്കുക, മത്സ്യോത്പാദനത്തിൽ സംസ്ഥാനത്തെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുക, വീട്ടമ്മമാർ, തൊഴിൽ രഹിതരായ യുവജനങ്ങൾ എന്നിവരുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക, ശാസ്ത്രീയ മത്സ്യകൃഷിയുടെ അവബോധം വീടുകളിൽ നിന്ന് തന്നെ സൃഷ്ടിക്കുക, വീടുകളിലെ ജൈവ മാലിന്യം ഉത്പാദനത്തിലേക്ക് വഴിതിരിച്ചു വിടുക എന്നിവയാണ് അടിസ്ഥാന ഉദ്ദേശ ലക്ഷ്യങ്ങൾ. പദ്ധതി രണ്ടു ഘട്ടമായാണ് നടപ്പിലാക്കുന്നത് ആദ്യഘട്ടം 3000, രണ്ടാം ഘട്ടം 6000 ഉൾപ്പെടെ 9000 യൂണിറ്റുകൾ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) ഈ പദ്ധതി പ്രകാരം മത്സ്യ കർഷകർക്ക് ഫിഷറീസ് വകുപ്പ് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | ഡി) പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുന്ന മത്സ്യകർഷകർക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനവും പരിശീലനവും ഗുണനിലവാരമുള്ള മത്സ്യവിത്തും സൗജന്യമായി നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**